(സി) സംസ്ഥാനത്തെ എല്ലാ രാഷ്ട്രീയ കക്ഷി നേതാക്കളെയും സന്നദ്ധ സംഘടനകളെയും വിദഗ്ദ്ധരെയും ഉൾപ്പെടുത്തി ഇത്തരം പ്രകൃതി ദുരന്തങ്ങൾ നേരിടാൻ സ്ഥിരം സമിതിക്ക് രൂപം നൽകാമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) സംസ്ഥാനത്ത് പ്രകൃതിക്ഷോഭങ്ങൾ നേരിടുന്നതിനായി ഏകദേശം 280 പേർ അടങ്ങുന്ന ഒരു മൾട്ടി ഡിസിപ്ലിനറി കോർഗ്രൂപ്പ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഇതു സംബന്ധിച്ച പത്ര വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രകൃതിക്ഷോഭങ്ങളെ നേരിടുവാൻ ഭാവി പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനായി എം.പി.മാർ, എം.എൽ.എ.മാർ, ജില്ല-ബ്ലോക്ക്-പഞ്ചായത്ത് പ്രസിഡന്റുമാർ, മുനിസിപ്പൽ ചെയർമാൻമാർ എന്നിവരും പോലീസ്, ഫയർഫോഴ്സ്, വാർത്താവിനിമയം, പൊതുമരാമത്ത്, ജലസേചനം, കൃഷി, ആരോഗ്യം, ഗതാഗതം എന്നീ വകുപ്പ് ഉദ്യോഗസ്ഥന്മാരുമായും സന്നദ്ധ സംഘടനകളുമായും ജില്ലാതലത്തിൽ ചർച്ച നടത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ എല്ലാ ജില്ലാകളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ നടപ്പു വർഷത്തെ മൊത്തം പദ്ധതി അടങ്കൽ

8 (*7) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയും കൂടി ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിന്റെ നടപ്പുവർഷത്തെ മൊത്തം പദ്ധതി അടങ്കൽ എന്തു തുകയാണെന്ന് അറിയിക്കാമോ ;

(ബി) ഇതിൽ ലഭ്യമായ ഏറ്റവും ഒടുവിലത്തെ വിവരമനുസിച്ച് എന്തു തുക ചെലവഴിച്ചുവെന്നും ഇത് മൊത്തം പദ്ധതി അടങ്കലിന്റെ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ ;

(സി) നടപ്പു സാമ്പത്തിക വർഷം എത്ര തുകയ്ക്കുള്ള പദ്ധതിയാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(ഡി) ഇതിൽ ലഭ്യമായ ഏറ്റവും ഒടുവിലത്തെ വിവരമനുസരിച്ച് എന്തു തുക ചെലവഴിച്ചുവെന്നും ഇത് ലക്ഷ്യമിട്ട തുകയുടെ എത്ര ശതമാനം വരുമെന്നും അറിയിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നടപ്പുവർഷം എന്തു തുകയ്ക്കുള്ള പദ്ധതിക്കാണ് പ്ലാനിംഗ് കമ്മീഷന്റെ അനുമതി ലഭിച്ചിട്ടുള്ളത് ;

(എഫ്) ഇതിൽ നിന്ന് ലഭ്യമായ ഏറ്റവും ഒടുവിലത്തെ വിവരമനുസരിച്ച് എന്തു തുക ചെലവഴിച്ചുവെന്നും ഇത് പ്ലാനിംഗ് കമ്മീഷൻ അനുമതി നൽകിയ തുകയുടെ എത്ര ശതമാനമാണെന്നും അറിയിക്കാമോ ;

(ജി) ഈ വർഷത്തെ പദ്ധതി/പദ്ധതിയേതര ചെലവുകൾ വെട്ടിക്കുറയ്ക്കുന്നതിന് സെക്രട്ടറിതലത്തിലോ, മറ്റ് തലത്തിലോ ശുപാർശ ലഭിച്ചിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

(എച്ച്) നടപ്പു വർഷത്തെ പദ്ധതി വെട്ടിക്കുറയ്ക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ ;

(ഐ) ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ; ഇതുസംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കാമോ ;

(ജെ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും ലക്ഷ്യമിട്ട പദ്ധതി തുകയും ചെലവഴിച്ച തുകയും അതിന്റെ ശതമാനങ്ങളും എന്താണെന്നു വിശദമാക്കാമോ ?

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) :

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ സംസ്ഥാനത്തിന്റെ നടപ്പു വർഷത്തെ മൊത്തം പദ്ധതി അടങ്കൽ 4006.93 കോടി രൂപയാണ്.

(ബി) താൽക്കാലിക കണക്കനുസരിച്ച് 31-1-2001 വരെ 2069.55 കോടി രൂപ ചെലവായിട്ടുണ്ട്. ഇത് മൊത്തം പദ്ധതി അടങ്കലായ 4006.93 കോടി രൂപയുടെ 52 ശതമാനമാണ്.

(സി) 3535 കോടി രൂപയ്ക്കുള്ള പദ്ധതി ആണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് 3317 കോടി രൂപയുടെ 'കോർ' പദ്ധതിക്കായി ആസൂത്രണ കമ്മീഷൻ അംഗീകരിക്കുകയുണ്ടായി.

(ഡി) 31-1-2001 വരെ 1849.30 കോടി രൂപ (താൽക്കാലിക കണക്ക്) ചെലവഴിച്ചു. ഇത് ലക്ഷ്യമിട്ട തുകയായ 3535 കോടി രൂപയുടെ 52 ശതമാനവും ആസൂത്രണ കമ്മീഷൻ അംഗീകരിച്ച 3317 കോടി രൂപയുടെ 56 ശതമാനവുമാണ്.

(ഇ) നടപ്പു വർഷം 3317 കോടി രൂപയുടെ 'കോർ' പദ്ധതിക്കാണ് പ്ലാനിംഗ് കമ്മീഷൻ അംഗീകാരം നൽകിയിട്ടുള്ളത്. എന്നാൽ വിഭവസമാഹരണം ഉറപ്പു വരുന്ന സാഹചര്യത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ 3535 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനും കമ്മീഷൻ അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 2001 ജനുവരി 31 വരെയുള്ള കണക്കുകൾ പ്രകാരം 1849.30 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് ആസൂത്രണ കമ്മീഷൻ അംഗീകരിച്ച കോർപ്ലാനായ 3317 കോടി രൂപയുടെ 56 ശതമാനമാണ്.

(ജി&എച്ച്) ഇല്ല.

(ഐ) ബാധകമല്ല.

(ജെ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും ലക്ഷ്യമിട്ട പദ്ധതി തുകയും ചെലവഴിച്ച തുകയും അതിന്റെ ശതമാനങ്ങളും ചുവടെ ചേർക്കുന്നു.

വർഷം	പദ്ധതിതുക (കോടി രൂപ)	ചെലവാക്കിയ തുക	ശതമാനം
1996-97	2207	2180	98.78
1997-98	2855	2868 (*)	100.46
1998-99	3100	3107 (*)	100.23
1999-2000	3250	2956 (*)	90.95
2000-2001	3535	1849 (*) (31-1-2001 വരെ)	52.31

(*) കണക്കുകൾ താൽക്കാലികമാണ്.

പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി അറിയുന്നതിനുള്ള സംവിധാനങ്ങൾ

9 (*8) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീമതി ആർ. ലതാദേവി :
ശ്രീ. യു. എസ്. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി അറിയുന്നതിനുള്ള സംവിധാനങ്ങൾ സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(സി) ഈ സംവിധാനങ്ങൾ ശക്തിപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly